പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1484** **02.07.2015-ൽ മറുപടിക്ക്**

**മാലിന്യസംസ്കരണത്തിനായി കേന്ദ്രീകൃത പദ്ധതികൾ**

| **ചോദ്യം** | **ഉത്തരം** |
|---|---|
| 1. ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>2. ഡോ. ടി.എം. തോമസ് ഐസക്.<br>3. ശ്രീ. വി. ശിവൻകുട്ടി<br>4. ശ്രീ. റ്റി.വി. രാജേഷ്. | ശ്രീ. മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| (എ) ഈ സർക്കാർ അധികാരമേറ്റ ശേഷം മാലിന്യ സംസ്ക്കരണത്തിനായി സർക്കാർ തലത്തിൽ ആവഷ്ക്കരിച്ചിട്ടുള്ള കേന്ദ്രീകൃത പദ്ധതികൾ ഏതെല്ലാമാണ്; അവ ഇപ്പോൾ പൂർത്തീകരിക്കപ്പെട്ടിട്ടുണ്ടോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നഗരസഭകളിലെ മാലിന്യ നിരമ്മാർജ്ജനത്തിലേയ്ക്കായി പൊതു മാലിന്യ സംസ്കരണ സംവിധാനം നിലവിലില്ലാത്ത നഗരസഭകളിൽ ആയത് സ്ഥാപിക്കുന്നതിനും പൊതു മാലിന്യ സംസ്കരണ സംവിധാനം ഉള്ള നഗരസഭകളിൽ ആയത് ആധുനികവൽക്കരിക്കുന്നതിലേക്കുമായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിലേക്കായി പദ്ധതികൾ തയ്യാറാക്കി സമർപ്പിച്ച നഗരസഭകൾക്ക് സാങ്കേതികാനുമതിയും ആയതിന്റെ നിർവ്വഹണത്തിലേക്കായി പദ്ധതിയുടെ 100% സാമ്പത്തികസഹായവും അനുവദിച്ചു നൽകിയിട്ടുണ്ട്. |
| (ബി) കേരളത്തിന്റെ പ്രത്യേക പരിസ്ഥിതിയുടെയും ഇതുവരെയുള്ള അനുഭവങ്ങളുടെയും അടിസ്ഥാനത്തിൽ ഈ പദ്ധതികൾ പ്രായോഗികമാണോയെന്നു വ്യക്തമാക്കാമോ; | (ബി) കേരളത്തിന്റെ പ്രത്യേക പരിസ്ഥിതിയുടെയും ഇതുവരെയുള്ള അനുഭവങ്ങളുടെയും അടിസ്ഥാനത്തിൽ മാലിന്യ പരിപാലന നിർദ്ദേശങ്ങളിൽ പറയുന്ന കൃത്യമായ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് ദുർഗന്ധം വമിക്കാതെയും ജനങ്ങൾക്ക് ശല്യമില്ലാതെയും പരിസ്ഥിതി പ്രശ്നങ്ങളുണ്ടാ |

ക്കാതെയും ഈ പദ്ധതികൾ നടത്തുവാൻ കഴിയും. വികേന്ദ്രീകൃത മാലിന്യ സംസ്ക്കരണ പദ്ധതികളാണ് കൂടുതൽ പ്രായോഗികമെന്ന് കണ്ടെത്തിയി ട്ടുള്ളത്. ഇതുവഴി കേന്ദ്രീകൃത സംവിധാനത്തിലേയ്ക്കെത്തുന്ന മാലിന്യത്തിന്റെ അളവ് കുറയ്ക്കുവാൻ കഴിയും.

(സി) വികേന്ദ്രീകൃത മാലിന്യ സംസ്ക്കരണത്തെ സംബന്ധിച്ച് നിലപാട് വ്യക്തമാക്കാമോ;

(സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഖര മാലിന്യ സംസ്ക്കരണം വികേന്ദ്രീകൃതമായി നടപ്പിലാക്കുന്നതിലേയ്ക്ക് വേണ്ടി കമ്പോസ്റ്റ് പ്ലാന്റുകളും ബയോഗ്യാസ് പ്ലാന്റുകളും സ്ഥാപിക്കുകയെന്നതാണ് പൊതു നിലപാട്.

(ഡി) ഈ ദിശയിൽ എന്തെങ്കിലും പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ?

(ഡി) തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ തയ്യാറാക്കി നല്കിയ പ്രോജക്ടുകൾക്ക് സാങ്കേതിക അനുമതിയും സാമ്പത്തിക സഹായവും നൽകി വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ